"ഭരണഭാഷ- മാതൃഭാഷ"



കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ് - മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ വിജിലൻസ് മിന്നൽ പരിശോധന - അസിസ്റ്റന്റ് എൻജിനീയർ, ശ്രീ.മനോജ് കുമാർ .ആർ - നെതിരെയുള്ള അച്ചടക്ക നടപടി - ശാസന നല്കി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്

സ.ഉ.(സാധാ) നം.2052/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 21/10/2021

---

പരാമർശം:-

1. വിജിലൻസ് വകുപ്പിന്റെ 29.08.2019 തീയതിയിലെ VIG-D1/489/2019-VIG - നമ്പർ കത്ത്.
2. വിജിലൻസ് ഡയറക്ടറുടെ 18.06.2019 തീയതിയിലെ E 17(SC 24/2018/KNR) 10271/2019 - നമ്പർ കത്ത്.
3. 16.04.2020-ലെ LSGD-EW2/93/2019-LSGD നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക.
4. 21.07.2020 തീയതിയിൽ ശ്രീ.മനോജ് കുമാർ .ആർ, അസിസ്റ്റന്റ് എൻജിനീയർ സമർപ്പിച്ചിട്ടുള്ള പ്രതിവാദ പത്രിക.
5. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 03.12.2020-ലെ ഇ20/5969/2020/സി.ഇ/തസ്വഭവ നം. കത്ത്.

<u>ഉത്തരവ്</u>

മുനിസിപ്പാലിറ്റികളിൽ നടക്കുന്ന ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സംസ്ഥാന തല മിന്നൽ പരിശോധനയുടെ ഭാഗമായി മട്ടന്നൂർ മുനിസിപ്പാലിറ്റി എഞ്ചിനീയറിംഗ് വിഭാഗത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കണ്ണൂർ യൂണിറ്റ് 03.11.2018-ൽ നടത്തിയ മിന്നൽ പരിശോധനയിൽ, ഗൃഹ നിർമ്മാണത്തിന് കൊടുക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായി പെർമിറ്റ് അനുവദിക്കുന്നില്ലെന്നും എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥൻമാർ ആരുംതന്നെ മൂവ്മെന്റ് രജിസ്റ്റർ തയ്യാറാക്കി ആയതിൽ ഒപ്പ് വക്കുന്ന നടപടിക്രമം മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ ചെയ്യുന്നില്ലെന്നും എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ 10.10.2018 തീയതിക്കു ശേഷം പേഴ്സണൽ കാഷ് ഡിക്ലറേഷൻ രജിസ്റ്റർ തയ്യാറാക്കുകയോ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ലെന്നും മറ്റുമുള്ള ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി.

2.മേല്പറഞ്ഞ അപാകതകൾക്ക് മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ അസിസ്റ്റന്റ് എൻജിനീയർ,

ശ്രീ.മനോജ് കുമാർ.ആർ ഉത്തരവാദിയാണെന്ന് കണ്ട് ടിയാനെതിരെ സർക്കാർ തലത്തിൽ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരമുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക എന്നിവ പരാമർശം 3 പ്രകാരം നൽകുകയുണ്ടായി.

3.ആയതിന് ടിയാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ മുഖേന പരാമർശം 4 പ്രകാരം സമർപ്പിച്ചിട്ടുള്ള പ്രതിവാദപത്രികയിൽ തനിക്കെതിരെയുള്ള കുറ്റാരോപണങ്ങൾ കൃത്യമായി വിശകലനം ചെയ്യാതെയും സാങ്കേതിക തടസ്സം മനസ്സിലാക്കാതെയും, ആരോപിക്കപ്പെട്ടിട്ടുള്ളതാണെന്നും അസ്സി. എഞ്ചിനീയർ എന്ന നിലയിൽ മേൽ സൂചിത വിഷയങ്ങളിൽ സമയബന്ധിതമായി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും 10.10.2018 തീയതിക്കു ശേഷം പേഴ്സണൽ കാഷ് ഡിക്ലറേഷൻ രജിസ്റ്റർ തയ്യാറാക്കുകയോ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ലെന്ന ആരോപണത്തിന് മിന്നൽ പരിശോധന നടത്തിയ ദിവസം കെട്ടിടനിർമ്മാണ ചട്ടങ്ങൾ സംബന്ധിച്ച് KESA എന്ന സംഘടന ഓവർസിയർമാർക്കായി നടത്തിയ ക്ലാസിൽ പങ്കെടുക്കുന്നതിന് കാഷ്വൽ ലീവ് എടുത്ത് പോയിരുന്നു എന്നും ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ എന്നിവ മാറ്റിവച്ചത് തന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല എന്നും വിജിലൻസ് പരിശോധന സമയത്ത് തനിക്ക് തൻമൂലം രജിസ്റ്ററുകൾ ഹാജരാക്കുവാൻ സാധിച്ചില്ല എന്നും പ്രസ്തുത കാലഘട്ടത്തിലും ഇന്നും ഇവ തൃപ്തികരമായി പരിപാലിച്ചു വരുന്നതായും ബോധിപ്പിച്ചിട്ടുണ്ട്.

4.വിജിലൻസ് അന്വേഷണത്തിൽ ക്രമക്കേടുകൾ ആരോപിച്ചിട്ടുള്ള ഫയലുകൾ സംബന്ധിച്ച് ടിയാൻ നോട്ട് ഫയലുകളുടെ കോപ്പി ഹാജരാക്കിയിട്ടുണ്ടെന്നും മൂന്നാമത്തെ കുറ്റാരോപണത്തിന് മറുപടിയോടൊപ്പം ടിയാൻ സമർപ്പിച്ച ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ മൂവ്മെന്റ് രജിസ്റ്റർ 01.10.2014 മുതൽ വിജിലൻസ് പരിശോധന നടന്ന കാലയളവുൾപ്പെടെ എൻട്രികൾ കാണുന്നുവെന്നും തന്റെ പേരിൽ ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റാരോപണങ്ങൾ ശ്രീ. മനോജ് കുമാർ നിഷേധിച്ചിട്ടുണ്ടെങ്കിൽ കൂടി വിജിലൻസ് പരിശോധന നടന്ന ദിവസം ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ എന്നിവ കൈകാര്യം ചെയ്തതിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്ത് ജാഗ്രതക്കുറവ് സംഭവിച്ചതായി കാണുന്നുവെന്നും ടിയാന്റെ പേർക്ക് ചീഫ് എൻജിനീയറുടെ കാര്യാലയത്തിൽ മറ്റ് അച്ചടക്കനടപടികൾ ഒന്നും തന്നെ നിലവിലില്ല എന്നും പരാമർശം 5 പ്രകാരം ചീഫ് എൻജിനീയർ അറിയിച്ചിട്ടുണ്ട്.

5.വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപിതയുടെ പ്രതിവാദ പത്രിക, അതിന്മേൽ ചീഫ് എൻജിനീയറുടെ അഭിപ്രായ കുറിപ്പ് എന്നിവ പരിശോധിച്ചതിൽ നിന്നും ടിയാന്റെ ഭാഗത്ത് ജാഗ്രതകുറവ് ഉണ്ടായിട്ടുണ്ടെങ്കിലും വിജിലൻസ് കണ്ടെത്തിയ കുറ്റങ്ങളെല്ലാം പരിഹരിച്ചിട്ടുണ്ടെന്ന് കാണുകയുണ്ടായി. എന്നിരുന്നാലും ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ എന്നിവ കൈകാര്യം ചെയ്തതിലുള്ള വീഴ്ച കണക്കിലെടുത്ത് മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ അസിസ്റ്റന്റ്

എൻജിനീയർ ശ്രീ.മനോജ് കുമാർ.ആർ (പെൻ നം. -159114)-നെതിരെയുള്ള അച്ചടക്ക നടപടി ഇത്തരം കാര്യങ്ങളിൽ ഭാവിയിൽ ജാഗ്രത പുലർത്തുന്നതിലേക്കായി ശാസന നല്കി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
അണ്ടർ സെക്രട്ടറി

പകർപ്പ് :-

1.ശ്രീ.മനോജ് കുമാർ.ആർ, അസിസ്റ്റന്റ് എൻജിനീയർ (തസ്വഭവ.ചീഫ് എഞ്ചിനീയർ മുഖാന്തിരം).
2.ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3.അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
4.തദ്ദേശസ്വയംഭരണ (ഇഡബ്ല്യൂഎ-3) വകുപ്പ്.

5.വിജിലൻസ് (ഡി) വകുപ്പ്.

6.ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ. തിരുവനന്തപുരം.
7.വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8.കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Sreekanth G
Date: 21-10-2021 16:01:09
Reason: Approved
സെക്ഷൻ ഓഫീസർ